## നിക്ഷേപകരെ ആകർഷിക്കുന്നതിന് നടത്തിയ സംരംഭങ്ങൾ

**102 (3611)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് നടത്തിയ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംരംഭത്തിന്റെ ഫലമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പുതിയ നിക്ഷേപങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാം മേഖലയിലാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിക്ഷേപങ്ങളുടെ ഫലമായി സംസ്ഥാനത്ത് കൈവരിക്കാൻ കഴിഞ്ഞ വളർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നിക്ഷേപക സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനായി എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചു. വ്യവസായ വികസനം ത്വരിതപ്പെടുത്തിന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചു. ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും. പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനുംവേണ്ടി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി. ചെറുകിട വ്യവസായങ്ങളുടെ പ്രോൽസാഹനത്തിനും ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ പങ്കുവയ്ക്കുന്നതിനുമായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് വ്യവസായ സംഗമം സംഘടിപ്പിച്ചു എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവ സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തെ വിദ്യാർത്ഥി/യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി യുവസംരംഭക സംഗമവും യെസ് ക്യാൻ 2015 സംഗമവും സംഘടിപ്പിച്ചു. വനിതാ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി വി മിഷൻ സംഘടിപ്പിച്ചു

(ബി & സി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ഉടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പദ്ധതികളുടെ സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 56 പദ്ധതികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. ഈ പദ്ധതികളുടെ എല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32,137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഐ.ഡി.സി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23,334 കോടി രൂപയാണ്. ഇതിൽ ഏകദേശം 209 കോടി രൂപ നിക്ഷേപമുള്ള രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2314 ചെറുകിട/ഇടത്തരം സംരംഭകരെ കണ്ടെത്തുകയും ആയതിൽ 759 പേർ യൂണിറ്റ് ആരംഭിക്കുകയും 100.015 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും ആയതുവഴി 16325 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുകയും അതിലൂടെ 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പ

**103 (3612)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോൺ എടുത്ത് പഠിച്ചതിനുശേഷം ജോലി ലഭിക്കാത്ത വായ്പക്കാർക്കെതിരെ ബാങ്കുകൾ ജപ്തി നടപടി ആരംഭിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമൂലം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറിക്ക് മൊറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 9-10-2015-ൽ അവസാനിച്ചു. പ്രസ്തുത ഉത്തരവ് 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള, പുതിയ കേന്ദ്ര സർക്കാർ സബ്സിഡിക്ക് അപേക്ഷിച്ചവർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കും 6 മാസത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly